കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

# ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail: ddhglfalpy@gmail.com**

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
തീയതി : 22.07.2017
ഫോൺ : 0477-2252753
ഇമെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

കെ.എസ്.എ-എ.എൽ.പി-പി.7-938/17 തീയതി : 22.07.2017

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 05.11.2016 മുതൽ 06.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 06.07.2017 മുതൽ 15.07.2017വരെ | ശ്രീ. ബി. ലിജി ലാൽ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ചന്ദ്രശേഖരൻ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽകുമാർ. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | സി.കൃഷ്ണമ്മ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. അജിത്ത്. എസ് | 01.04.2016 മുതൽ 14.07.16 വരെ |
| 2 | ശ്രീമതി. ഗംഗാലക്ഷ്മി. എസ്.<br>(അസിസ്റ്റന്റ് സെക്രട്ടറി അധികച്ചുമതല ) | 15.07.2016 മുതൽ 16.08.16 FN വരെ |
| 3 | ശ്രീമതി. പി. വത്സലകുമാരി അമ്മ | 16.08.16 മുതൽ 26.09.16 FN വരെ |
| 4 | ശ്രീ. രാജ്കുമാർ. ജി. | 26.09.16 മുതൽ 14.11.16 FN വരെ |
| 5 | ശ്രീ. എസ്. അശോകമാർ | 14.11.16 AN മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | |
|---|---|
| ധനകാര്യം | |
| ശ്രീ.സുകമാരകുറുപ്പ് | 01.04.2016 മുതൽ 31.03.2017 വരെ |
| വികസനകാര്യം | |
| ശ്രീ.രാജു | 01.04.2016 മുതൽ 31.03.2017 വരെ |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | |
| എം.സുകമാരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷേമകാര്യം | |
| ശ്രീമതി.സിന്ധുദിവാകരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ആരോഗ്യം | |
| ശ്രീമതി.അമ്പിളി സുനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ഹേമലതാ ബാലകൃഷ്ണൻ | 01.04.16 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 2 | വെറ്ററിനറി സർജൻ | ഡോ. പ്രിയ ശിവറാം<br>ഡോ.മഞ്ജുശ്രീ.ബി. | 01.04.16 മുതൽ 19.12.2016 വരെ<br>19.12.16 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിർമ്മലാകുമാരി.കെ.കെ. | 01.04.16 മുതൽ 31.03.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.മനോജ് ശങ്കരനാരായണൻ<br>ഡോ.ശേഷനാഗ് | 01.04.16 മുതൽ 29.08.2016വരെ<br>29.08.16 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശാന്തി<br>ഡോ.അമ്പിളി.കെ.നായർ<br>ഡോ.വിനീത | 01.04.16 മുതൽ 03.08.16 വരെ<br>03.08.16 മുതൽ 13.01.17 വരെ<br>13.01.17 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുരേഷ് കുമാർ<br>ഡോ.ബിജുരാമൻ കുട്ടി | 01.04.16 മുതൽ 08.09.16 വരെ<br>09.09.16 മുതൽ 31.03.2017വരെ |
| 8 | പ്രധാനാദ്ധ്യാപകൻ | വേണുകുമാർ | 01.04.16 മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ഇന്ദു.എസ് | 01.04.16 മുതൽ 31.03.2017 വരെ |
| 10. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | നിസാമുദ്ദീൻ<br>ഹരികൃഷ്ണൻ<br>രതീഷ് കുമാർ | 01.04.16 മുതൽ 3.08.16 വരെ<br>06.08.16 മുതൽ 31.03.2017 വരെ<br>01.04.16 മുതൽ 31.03.2017 വരെ |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രഘുനാഥപിള്ള | 01.04.16 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല – വരുമാനം നഷ്ടപ്പെട്ടു |
| 3 | 2-2 | തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 4 | 2-3 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 5 | 2-4 | പരസ്യനികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം |
| 6 | 2-5 | നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു. |
| 7 | 2-6 | കാലാവധി കഴിഞ്ഞ ഡിപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല, ഡിപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല |
| 8 | 2-7 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല |
| 9 | 2-8 | വസ്തുനികുതി സംബന്ധമായ അപാകതകൾ |
| 10 | 2-9 | ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കുവാനുള്ള 2.56 ലക്ഷം. |
| 11 | 2-9 à´ | ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക അക്കൌണ്ട് ചെയ്തതിന് രേഖയില്ല. |
| ഭാഗം – 3 | | |
| 12 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – ചെലവ് 39% മാത്രം |
| 13 | 3-2 | ലോകബാങ്ക് ധനസഹായം - യഥാസമയം ചെലവ് നടത്താതിരുന്നത് മൂലം 31.33 ലക്ഷം ലാപ്സായി. |
| 14 | 3-3 | സോളാർ പാനൽ സ്ഥാപിക്കൽ - നിർമ്മാണ ഏജൻസി ഉയർന്ന നിരക്ക് ഡിമാന്റ് ചെയ്തത് മൂലം 53,640/- രൂപയുടെ അധികചെലവ് |
| 15 | 3-4 | കന്നുകുട്ടി പരിപാലന പദ്ധതി - തുടർപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല. |
| 16 | 3-5 | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത റോഡ് വർക്കിന്റെ അളവുകൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല – നിർവ്വഹണം പാതിവഴിയിൽ |
| 17 | 3-6 | ആസ്തി രജിസ്റ്റർ അപൂർണ്ണം |
| 18 | 3-7 | ഗ്രോ ബാഗ് വാങ്ങൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 19 | 3-8 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല. |
| 20 | 3-9 | ഗുണഭോക്തൃ വിഹിതം 737273/- രൂപ ചെലവഴിക്കാതെ നിലനിൽക്കുന്നു. |
| 21 | 3-10 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് / ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല. |
| 22 | 3-11 | സ്വച്ഛ് ഭാരത് മിഷൻ വിഹിതം – തിരികെ ലഭിച്ച തുകകൾ സംബന്ധിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |

| | | |
|---|---|---|
| 23 | 3-12 | നാഷണൽ പെൻഷൻ സ്കീമിലുള്ള ജീവനക്കാർക്ക് ശമ്പളത്തിൽ നിർബന്ധിത കിഴിവ് വരുത്തിയില്ല, പ്രാൻ അക്കൗണ്ടുകൾ തുടങ്ങിയില്ല |
| 24 | 3-13 | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ച – മാർക്കറ്റിലെ സ്റ്റാളുകൾ നാശോന്മുഖമായി |
| ഭാഗം – 4 | | |
| 25 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 26 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിൽ അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 154234386 | 140873150 |
| വാർഷിക കണക്ക് പ്രകാരം | 57114084 | 53052067 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 14.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 125505517 |
| വരവ് | 57114084 |
| ആകെ | 69664601 |
| ചെലവ് | 53052067 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15512372 | 10198530 | 65.74 |
| വികസനഫണ്ട് എസ്.സി.പി. | 11468573 | 8437277 | 73.56 |
| വികസനഫണ്ട് ടി.എസ്.പി. | 193841 | 29798 | 15.37 |
| സംരക്ഷണഗ്രാന്റ് റോഡ് | 8948244 | 2117693 | 23.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4188915 | 1671714 | 39.90 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8682386 | 4678223 | 53.88 |
| പെർഫോമൻസ് ഗ്രാന്റ് | 3635152 | 502120 | 13.81 |
| എം.എൻ.ആർ. ഇ. ജി.എസ്. | 26305737<br>( OB – 7945) | 25762847<br>( CB – 542890) | 99.89 |
| ബി ഫണ്ട് | 56638060 | 56638060 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 180 | 82693037 | 94 | 32278529 | | 86 | 52.22 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4601744 | 6509104 | 1907360 | 41.45 |
| നികുതിയേതര വരവുകൾ | 1096073 | 1143034 | 46961 | 4.28 |
| ആകെ | 5697817 | 7652138 | 1954321 | 34.3 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 327000 | 252 |
| കർഷകതൊഴിലാളി പെൻഷൻ | 8850780 | 1120 |
| വിധവാപെൻഷൻ | 15788955 | 1530 |
| വാർദ്ധക്യകാലപെൻഷൻ | 26964350 | 2845 |
| വികലാംഗപെൻഷൻ | 3434485 | 424 |
| അവിവാഹിതപെൻഷൻ | 972490 | 321 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017, 3.15 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27732/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2017 | 05/2017 | 03/17 വരെയുള്ള റിപ്പോർട്ട് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.13 മുതൽ 23.02.13വരെ | 2007-08 മുതൽ 2011-12 വരെ | 06.01.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല - വരുമാനം നഷ്ടപ്പെട്ടു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2016-17 ൽ സ്ഥാപന നികുതി ഈടാക്കാതിരുന്നതിനാൽ വരുമാനം നഷ്ടപ്പെട്ടു. വിശദാംശങ്ങൾ.

*സ്ഥാപന നികുതി ഈടാക്കാത്ത ധനകാര്യ സ്ഥാപനങ്ങൾ*

| ക്രമ നം. | സ്ഥാപനം | സ്ഥാപന നികുതി (അർദ്ധ വർഷം) | നഷ്ടം |
|---|---|---|---|
| | ധനകാര്യസ്ഥാപനങ്ങൾ | | |
| 1 | മണിമുറ്റം നിധി ഫൈനാൻസിയേഴ്സ് | I & II | 2500 |
| 2 | ART ലീസിംഗ്, ചെട്ടികുളങ്ങര | I & II | 2500 |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ്, ചെട്ടികുളങ്ങര | I & II | 2500 |
| 4 | മുത്തൂറ്റ് ഫിൻ കോർപ്പ്, കരിപ്പുഴ | I & II | 2500 |
| 5 | എസ്.ബി.റ്റി, ചെട്ടികുളങ്ങര | I & II | 2500 |
| 6 | എസ്.ബി.റ്റി, കരിപ്പുഴ | I & II | 2500 |
| 7 | മാവേലിക്കര താലൂക്ക് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. 707 | I & II | 2500 |
| 8 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നം.190, ഈരേഴ | I & II | 2500 |
| 9 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരിങ്ങാല | I & II | 2500 |
| 10 | കണ്ണമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം. 2135, പേള | I & II | 2500 |
| 11 | എച്ച്.ഡി.എഫ്.സി, ചെട്ടികുളങ്ങര | I & II | 2500 |

| | | | |
|---|---|---|---|
| 12 | കാനറ ബാങ്ക്, ചെട്ടികുളങ്ങര | I & II | 2500 |
| 13 | കൊശമറ്റം ഫിനാൻസ് | I & II | 2500 |
| 14 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, ഓലകെട്ടിയമ്പലം | II | 1250 |
| 15 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം. 570, മേനാമ്പള്ളി | I & II | 2500 |
| 16 | പോപ്പുലർ ഫിനാൻസ് | I & II | 2500 |
| | ആകെ | | 38750/- |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി പിരിച്ചെടുക്കേണ്ടതും നഷ്ടമായ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 സാമ്പത്തിക വർഷം സ്ഥാപന മേധാവി തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി (അർദ്ധ വർഷം) |
|---|---|---|
| 1 | മണിമുറ്റം നിധി ഫൈനാൻസിയേഴ്സ് | I & II |
| 2 | ഈരേഴ യു.പി.എസ് | I & II |
| 3 | കാട്ടുവള്ളി ദേവസ്വം | I & II |
| 4 | എം.എൻ.ആർ.ഇ.ജി.എസ് സ്റ്റാഫ് | I & II |
| 5 | പി.എച്ച് സെന്റർ, ചെട്ടികുളങ്ങര | I |
| 6 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നം.190, ഈരേഴ | I & II |
| 7 | കണ്ണമംഗലം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം2135, പേള | I |
| 8 | എച്ച്.ഡി.എഫ്.സി, ചെട്ടികുളങ്ങര | II |
| 9 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, ഓലകെട്ടിയമ്പലം | II |
| 10 | പോപ്പുലർ ഫിനാൻസ് | I |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയോ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ 2016-17 വർഷത്തെ ഡി.സി.ബി ശരിയായി തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റ്, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെ തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

ഡി & ഒ സംബന്ധിച്ച് പഞ്ചായത്തിൽ ബൈലോ തയ്യാറാക്കാത്തതിനാൽ പല സ്ഥാപനങ്ങളിൽ നിന്നും 2016-17 ൽ കുറഞ്ഞ നിരക്കിലാണ് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയത്. പ്രതിദിന വിറ്റുവരവ് ഒരു ലക്ഷം രൂപയ്ക്കു മേലുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ഡി & ഒ ഫീസായ 4000/- രൂപ ഈടാക്കാമെന്നിരിക്കെ ലൈസൻസ് ഫീസായി 1000/- രൂപ മാത്രമാണ് ഈടാക്കിയത് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എക്സൽ ഫ്യുവൽസ് (സ്ഥാപനം സമർപ്പിച്ച അപേക്ഷ പ്രകാരം പ്രതിദിന വിറ്റുവരവ് 1.50 ലക്ഷം രൂപ) എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ കുറവുണ്ടായ തുക ഈടാക്കേണ്ടതും മറ്റു സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ഡി&ഒ ഫീസ് പിരിച്ചെടുക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 പരസ്യനികുതി പിരിയ്ക്കുന്നില്ല - വരുമാന നഷ്ടം

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2016-17 വർഷം പരസ്യനികുതി ഇനത്തിൽ തുകയൊന്നും പിരിച്ചെടുത്തില്ല. ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയോ പരസ്യനികുതി പിരിക്കുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീ.25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) 2015 ൽ ഭരണസമിതി ബൈലോ അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പരസ്യനികുതി പിരിച്ചെടുക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അടിയന്തിരമായി ബൈലോയ്ക്ക് അംഗീകാരം വാങ്ങി പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു.

പ്രത്യേക ലക്ഷ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ച തുകകൾ വിവിധ അക്കൗണ്ടുകളിൽ ദീർഘകാലമായി ഇടപാടുകളില്ലാതെ നിഷ്ക്രിയമായി അവശേഷിക്കുന്നു. വിശദാംശങ്ങൾ.

| ക്രമ നം. | ഇടപാട് ഇനം | ബാങ്ക് | ഓഡിറ്റ് തീയതിയിൽ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1. | പൈക | എസ്.ബി.റ്റി | 597974/- |
| 2. | എം.എൻ ലക്ഷംവീട് | ജില്ലാ സഹകരണ ബാങ്ക് | 533500/- |
| 3. | ഡിസ്ട്രസ് റിലീഫ് ഫണ്ട് | സഹകരണ ബാങ്ക് | 911/- |
| 4. | ലിറ്ററസി പ്രോഗ്രാം | എസ്.ബി.റ്റി | 3968/- |
| | ആകെ | | 1136353/- |

ചെലവഴിക്കാതെ നിഷ്ക്രിയമായി തുടരുന്ന സാഹചര്യത്തിൽ മിച്ചമുള്ള തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരിച്ചടയ്ക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 കാലാവധി കഴിഞ്ഞ ഡിപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല, ഡിപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല

പഞ്ചായത്തിൽ വിവിധ ഇനങ്ങളിൽ ലഭിച്ച ഡിപ്പോസിറ്റുകൾ 3 വർഷ കാലയളവ് കഴിഞ്ഞിട്ടും തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിപ്പോസിറ്റ് വർഷം | കാലാവധി കഴിഞ്ഞ ഡിപ്പോസിറ്റുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2010-11 | 5 | 11400 |
| 2 | 2011-12 | 9 | 14175 |
| 3 | 2012-13 | 1 | 850 |
| 4 | 2013-14 | 4 | 13400 |
| | ആകെ | | 39825 |

തൻവർഷം ഓൺലൈനായി ലഭിച്ച ഡിപ്പോസിറ്റുകൾ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. ടി വിവരങ്ങൾ ഡിപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി സൂക്ഷിക്കേണ്ടതും സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി 3 വർഷം കഴിഞ്ഞ ഡിപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ മുതൽ കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-7 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

വാർഡ് നം. XIII ൽ അഖിൽ വിജയൻ, വിജയഭവനം, നടയ്ക്കാവ് ഉടമസ്ഥതയിലുള്ള സർവ്വേ നം. 309/15, 312/2 ൽപ്പെട്ട വസ്തുവിൽ 137 എം$^2$ വെയർഹൌസ് കെട്ടിടത്തിന് 25.05.2015 തീയതിയിൽ കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടം നിർമ്മാണചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയെന്ന് കാണിച്ച് പരിസര നിവാസികൾ ചീഫ് എഞ്ചിനീയർക്ക് പരാതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പരാതിയിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും നിലവിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം അധികൃതരുടെ സാന്നിദ്ധ്യത്തിൽ അളന്ന് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണെന്ന് ഓഡിറ്റ് അന്വേഷണം നം. 14, തീയതി - 14.07.17 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത ചട്ടങ്ങൾ പാലിക്കാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ പ്രസ്തുത കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയത് ക്രമ പ്രകാരമുള്ള നടപടിയല്ല. വിഷയത്തിന്മേൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-8 വസ്തുനികുതി സംബന്ധമായ അപാകതകൾ

1. *വസ്തുനികുതി കുടിശ്ശിക ലക്ഷങ്ങൾ*

   2016-17 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 31/03/2017 ന് മുൻവർഷത്തെ ഉൾപ്പെടെ 22.8ലക്ഷം രൂപ കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം.3 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നികുതിദായകരുടെ വിവരങ്ങൾ ഉൾപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭിച്ചുവെങ്കിലും സോഫ്റ്റ് വെയറിലെ കണക്കും യഥാർത്ഥ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല . ഇതു സംബനധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിശ്ശിക നിവാരണം നടത്തി സോഫ്റ്റ് വെയറിലെ കണക്കും യഥാർത്ഥ കണക്കും തമ്മിൽ പൊരുത്തപ്പെടുത്തി കണക്കിൽ വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. *മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചിട്ടില്ല*

   ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 മൊബൈൽ ടവറുകൾ പ്രവർത്തന ക്ഷമമാണെങ്കിലും അവയുടെ വസ്തു നികുതി ഈടാക്കുന്നില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി ച.മീറ്ററിന് 500/- രൂപയാണ് ഗ്രാമ

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3) മറുപടി ലഭിച്ചില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ടെണ്ടർ ഫീസ് - പഞ്ചായത്തിന് ലഭിക്കുവാനുള്ള 2.56 ലക്ഷം.

ഗ്രാമപഞ്ചായത്തിൽ 2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്ത വിവിധ മരാമത്ത് വേലകളുടെ ടെണ്ടർ ഫീസിനത്തിലുള്ള തുക ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ പ്രസ്തുത അക്കൌണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് 2,55,947/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|
| 2014-15 | 13 | 48882 |
| 2015-16 | 23 | 119345 |
| 2016-17 | 16 | 87720 |
| | ആകെ | 255947 |

പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക നാളിതുവരെ ലഭ്യമായിട്ടില്ല. ആകയാൽ ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 2,55,947/- രൂപ ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 à´ ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക അക്കൌണ്ട് ചെയ്തതിന് രേഖയില്ല.

2016-17 വർഷം പഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി സാധനങ്ങൾ വാങ്ങുന്നതിലേക്ക് ഇ-ടെണ്ടർ ചെയ്തിരുന്നു. ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരിൽ നിന്നും ടെണ്ടർ ഫീസിനത്തിൽ 9000/- രൂപ ലഭിച്ചുവെങ്കിലും ആയത് പഞ്ചായത്തിന്റെ അക്കൌണ്ടികളിലൊന്നും ക്രെഡിറ്റ് ചെയ്യപ്പെട്ടതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പദ്ധതിയുടെ പേരും പ്രോജക്ട് നമ്പരും | ഇ-ടെണ്ടർ ചെയ്തതീയതി | പങ്കെടുത്ത കരാറു കാരുടെ എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1. | തെരുവ് വിളക്ക് മെയിന്റനൻസ് (71/17) | 28.01.2017 | 1 | 1000 |

| | | | | |
|---|---|---|---|---|
| 2. | 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ (85/17) | 28.01.2017 | 5 | 5000 |
| 3. | ലാപ് ടോപ്പ് വാങ്ങൽ (87/17) | 25.02.2017 | 3 | 3000 |
| | | | ആകെ | 9000 |

"ട്രഷറി കോഡ്, ഡി.ഡി.ഒ. കോഡ്, പഞ്ചായത്തിന്റെ കോഡ് എന്നിവ അക്കൌണ്ട് ലിങ്കിങ്ങിനായി ഐ.ടി മിഷന് നൽകിയിരുന്നുവെങ്കിലും തുക ട്രഷറിയിൽ ക്രെഡിറ്റ് വന്നതായി കാണപ്പെടുന്നില്ല" എന്നാണ് ഇത് സംബന്ധമായുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ 14.07.2017) സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. ആകയാൽ പഞ്ചായത്തിന് അർഹമായ ഈ തുക ക്രെഡിറ്റ് വരാതിരുന്നതിന്മേൽ ഐ. ടി മിഷനോട് അന്വേഷണം നടത്തുന്നതിനും, തുക പഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് വരുത്തുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – ചെലവ് 39% മാത്രം

പഞ്ചായത്തിന്റെ തൻവർഷത്തെ പദ്ധതിനിർവ്വഹണത്തിലുണ്ടായ വീഴ്ച മൂലം പദ്ധതിച്ചെലവ് വകയിരുത്തിയ തുകയുടെ 39% മാത്രമായി ചുരുങ്ങി. അംഗീകാരം ലഭിച്ച 180 പ്രോജക്ടുകൾക്കായി 8,26,93,037/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 3,22,78,529/- രൂപ ചെലവഴിക്കുവാനേ സാധിച്ചുള്ളൂ. നടപ്പാക്കിയ പ്രോജക്ടുകൾ 94 എണ്ണം മാത്രമാണ് പഞ്ചായത്തിലെ 12 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 7 പേർക്കും ചെലവ് 50% ൽ താഴെയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വെറ്ററിനറി സർജൻ | 2375000 | 507500 | 21 |
| 2 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 550000 | 200000 | 36 |
| 3 | സെക്രട്ടറി | 13487441 | 5444526 | 40 |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | 17490015 | 6076073 | 35 |
| 5 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1159500 | 567064 | 49 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 30233833 | 7315303 | 24 |
| 7 | എച്ച്. എം. | 700700 | 31500 | 4 |

പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതികൾ ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങുകയും ഇതിലേക്കാവശ്യമായ പദ്ധതിപ്പണം ലഭ്യമാക്കുകയും ചെയ്തിട്ടും പ്രവൃത്തികൾ യഥാസമയം നടത്താതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ജനോപകാരപ്രദമായ വികസന പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയാണ് ഇത് മൂലം ലാപ്സായതെന്നതിനാൽ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ലോകബാങ്ക് ധനസഹായം - യഥാസമയം ചെലവ് നടത്താതിരുന്നത് മൂലം 31.33 ലക്ഷം ലാപ്സായി.

ലോകബാങ്ക് ധനസഹായമിനത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന് 2016-17 വർഷം താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം 36,35,152/- രൂപ അനുവദിച്ചിരുന്നു.

1. ജി. ഒ (ആർ.ടി) 7929/2016/ഫിൻ/01.10.2016 - 3010550
2. ജി. ഒ (ആർ.ടി) 797/2017/ഫിൻ/01.02.2017 - 624602

3635152
======

ലോകബാങ്ക് ധനസഹായം വകയിരുത്തി 5170922/- രൂപ അടങ്കലിൽ 4 പദ്ധതികൾക്ക് 2016-17 വർഷം അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും "പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം. 181/17) 502120/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതികൾക്കായി അനുവദിച്ച ലോകബാങ്ക് ധനസഹായം, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നത് മൂലം, ലാപ്സാകാനിടയായി. 3133032/- രൂപയാണ് പഞ്ചായത്തിന് ഈയിനത്തിൽ തൻവർഷം നഷ്ടമായത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/12.07.2017), സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രവൃത്തി മാർച്ച് 31 ന് മുൻപ് പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിയ്ക്ക് കഴിഞ്ഞില്ലായെന്നും, മറ്റ് പ്രവൃത്തികൾ ജൂൺ 30 ന് മുൻപ് പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെന്നും സെക്രട്ടറി മുൻകൂർ മറുപടി നൽകി. ഇതിൽ 'റിക്കാർഡ് റൂം സ്ഥാപിക്കൽ' എന്ന പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും സ്പിൽ ഓവറായി അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ ബില്ലുമാറാൻ കഴിഞ്ഞിട്ടില്ലായെന്നും ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വന്ന വീഴ്ചയാണ് ഈ അവസ്ഥയ്ക്ക് കാരണമായതെന്നതിനാൽ വിഷയം ഭരണ വിഭാഗത്തിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 സോളാർ പാനൽ സ്ഥാപിക്കൽ - നിർവ്വഹണ ഏജൻസി ഉയർന്ന നിരക്ക് ഡിമാന്റ് ചെയ്തത് മൂലം 53,640/- രൂപയുടെ അധികചെലവ്

പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 2016-17 വർഷം അംഗീകാരം വാങ്ങിയ 1004240/- രൂപ അടങ്കലുള്ള പ്രോജക്ടിന്റെ (നം. 181/17) നിർവ്വഹണം 03.01.2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(2) തീരുമാന പ്രകാരം കെൽട്രോൺ കൺട്രോൾസ് ഡിവിഷൻ, അരൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ലോകബാങ്ക് ധനസഹായം വകയിരുത്തി തയ്യാറാക്കിയ ഈ പദ്ധതിയുടെ നിർവ്വഹണാർത്ഥം കെൽട്രോൺ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമച്ചതിനെ തുടർന്ന് (നം. 3/14.02.2017) അടങ്കൽ തുകയുടെ 50%, ആയ 5,02,120/- രൂപ മുൻകൂറായി അവർക്ക് നൽകിയിട്ടുണ്ട്. (ബിൽ നം.. 18/28.02.2017) 10 KW ഗ്രിഡ് ടൈഡ് സോളാർ പവർപ്ലാന്റ്, നെറ്റ് മീറ്റർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ, ഇൻസ്റ്റലേഷൻ/ ടെസ്റ്റിംഗ്/ കമ്മീഷനിംഗ് ചാർജ്, ലേബർ ചാർജ് എന്നിവ ഉൾപ്പെടെയാണ് 10,04,240/- രൂപ കെൽട്രോൺ ഇതിലേക്കായി ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ ഇതേ സ്പെസിഫിക്കേഷനോട് കൂടിയതും, ഇതേ തിയതിയിൽ സ്ഥാപിച്ചതുമായ സോളാർ പാനലിന് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ സ്ഥാപനം ഈടാക്കിയത് 9,50,600/- രൂപ മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | | | | | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നമ്പർ | ഇനം | കോഡ് നം. | തുക | ക്രമ നം. | ഇൻവോയ്സ് നമ്പർ | ഇനം | കോഡ് നം. | തുക |
| 1. | CHOI/16-17/ 24.03.17 | Supply of 10KW Grid Tied Solar Power | 31504001 | 688000 | 1. | APOI/16-17/ 24.03.17 | Supply of 10KW Grid Tied Solar Power | 31504001 | 645000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | Plant | | | | | Plant | | |
| 2. | CHO2/16-17/ 24.03.17 | Supply of materials including netmeter | 31504004 | 141000 | 2. | APO2/16-17/ 24.03.17 | Supply of materials including netmeter | 31504004 | 148050 |
| 3. | CHO3/16-17/ 24.03.17 | Installation, Testing & Commissiong, Labour Charge | | 175240 | 3. | APO3/16-17/ 24.03.17 | Installation, Testing & Commissiong, Labour Charge | | 157550 |
| | | ആകെ | | 1004240 | | | ആകെ | | 950600 |

ഒരേ കാലയളവിൽ സ്ഥാപിച്ചതും ഒരേ സ്പെസിഫിക്കേഷനോട് കൂടിയതുമായ സോളാർ പാനലിന് 53,640/- രൂപയാണ് ഈ ഗ്രാമപഞ്ചായത്തിനോട് കെൽട്രോൺ അധികമായി ഡിമാന്റ് ചെയ്തിട്ടുള്ളത്. കൂടാതെ സ്ഥാപിക്കപ്പെട്ട സോളാർ പാനൽ ഓഡിറ്റ് സമയം വരെ (7/17) കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/ 13.07.2017) കെൽട്രോണിനോട് ഇതിന്മേൽ വിശദീകരണം ആരായുന്നതും, മറുപടിയുടെ അടിസ്ഥാനത്തിൽ മാത്രം ബാക്കി തുക അനുവദിക്കുകയുള്ളുവെന്നും സെക്രട്ടറി മറുപടി നൽകി. കെ.എസ്.ഇ.ബി. അധികൃതർ മീറ്റർ സ്ഥാപിക്കാത്തത് മൂലമാണ് പ്ലാന്റ് കമ്മീഷൻ ചെയ്യാത്തതെന്നും ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ ഈ വിഷയത്തിൽ കെൽട്രോണിനോട് വിശദീകരണം ആരായുന്നതിനും, അർഹമായ തുക മാത്രം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സ്ഥാപിക്കപ്പെട്ട സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. മേൽക്കാരണത്താൽ 53,640/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 കന്നുകുട്ടി പരിപാലന പദ്ധതി - തുടർപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല.

കന്നുകുട്ടി പരിപാലന പദ്ധതിയിൽപ്പെടുത്തി ജനറൽ വിഭാഗം ഗുണഭോക്തക്കൾക്കായി 12,50,000/- രൂപ അടങ്കലിലും, പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി 4,00,000/- രൂപ അടങ്കലിലും രണ്ട് പദ്ധതികൾക്ക് 2016-17 വർഷം അംഗീകാരം വാങ്ങിയിരുന്നു. (പ്രോജക്ട് നം. 101, 102) ജനറൽ വിഭാഗം പ്രോജക്ടിന് 50 ഗുണഭോക്താക്കൾക്കായി വികസന ഫണ്ടിനത്തിൽ വകയിരുത്തിയിരുന്ന 2 ലക്ഷം രൂപയും, തനത് ഫണ്ടായി വകയിരുത്തിയിരുന്ന 1,12,500/- രൂപയും ഉൾപ്പെടെ ആകെ 3,12,500/- രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ പിൻവലിച്ച് നൽകിയിട്ടുണ്ട്. (ബിൽ നം. 1/13.03.2017) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിനത്തിൽ വകയിരുത്തിയിരുന്ന 1 ലക്ഷം രൂപയും തൻവർഷം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ പിൻവലിച്ച് നൽകിയിരുന്നു. (ബിൽ നം. 2/13.03.2017) എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീതുകൾ ലഭ്യമായിട്ടില്ല. പ്രോജക്ടുകളിൽ വകയിരുത്തിയിരുന്ന തുക പിൻവലിച്ച് നൽകിയതൊഴിച്ചാൽ പദ്ധതിയുടെ നിർവ്വഹണ സംബന്ധമായി മറ്റ് പ്രവർത്തനങ്ങൾ നടന്നതായോ ആയത് മോണിട്ടർ ചെയ്യപ്പെടുന്നതായോ രേഖയില്ല. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, പൂർത്തിയാകുന്ന മുറയ്ക്ക് ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത റോഡ് വർക്കിന്റെ അളവുകൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല - നിർവ്വഹണം പാതിവഴിയിൽ

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ 13-ാം വാർഡിലെ ഷാപ്പുപടി കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗിനായി രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. (നം. 330/16-17 & 331/16-17) 0-100 മീറ്റർ ചെയിനേജിലുള്ള ആദ്യ വർക്കിന് 3,22,647/- രൂപയും, 101-199 മീറ്റർ ചെയിനേജുള്ള രണ്ടാം വർക്കിന് 3,17,294/- രൂപയുമായിരുന്നു അടങ്കൽ നിശ്ചയിച്ചിരുന്നത്. വർക്കിനാവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിലേക്ക് 29.02.2016 ൽ ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ശ്രീ. കെ. ബാലകൃഷ്ണൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും, ടിയാൻ 20.05.2016 ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരുന്നു. (നം. 3/16-17) ടി വർക്കുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 40 എം.എം. മെറ്റൽ, 20 എം. എം. മെറ്റൽ, എം. സാൻഡ്, സിമന്റ് എന്നിവ കരാറുകാരൻ സപ്ലൈ ചെയ്തതായി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഗ്രാവൽ സപ്ലൈ ചെയ്തത് സംബന്ധമായ ബില്ലുകളും ഹാജരാക്കിയിട്ടില്ല. 07.02.2017 മുതൽ 13.02.2017 വരെയും, 18.02.2017 മുതൽ 22.02.2017 വരെയും തീയതികളിൽ പ്രസ്തുത റോഡ് വർക്കുകൾ നടന്നതായി മസ്റ്റർ റോളിൽ രേഖയുണ്ടെങ്കിലും നടത്തിയ പ്രവൃത്തിയുടെ അളവുകളും എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. "തൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ വ്യാജ കോൺട്രാക്ടർമാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കുന്നുവെന്നും, പ്രവൃത്തിക്ക് ഒരു ലോഡ് ഗ്രാവൽ പോലും ഇറക്കിയിട്ടില്ലായെന്നും" കാണിച്ച് പരിസരവാസികളായ ഗുണഭോക്താക്കൾ ബഹു. മുഖ്യമന്ത്രിക്ക് പരാതി നൽകിയതായും, വിജിലൻസ് ഈ പരാതിയിൻമേൽ അന്വേഷണം ഏറ്റെടുത്തിട്ടുള്ളതായും ഫയലിലിൽ രേഖയുണ്ട്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/ 14.07.2017)പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് പ്രവർത്തി നിർത്തി വയ്പ്പിച്ചതിനാൽ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തുവാൻ സാധിച്ചില്ലായെന്നും, കരാറുകാരനും തൊഴിലാളികൾക്കും വിജിലൻസ് നിർദ്ദേശാനുസരണം തുകയൊന്നും നൽകിയിട്ട്ലലായെന്നുമാണ് അക്രെഡിറ്റഡ് എൻജിനീയർ മറുപടി നൽകിയത്. എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങൾ ഉപയോഗിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതിനാൽ അവ സ്റ്റാക്ക് ചെയ്ത് ആയതിന്റെയും, നടത്തിയ പ്രവൃത്തിയുടെയും അളവുകൾ രേഖപ്പെടുത്താതിരുന്നത് ക്രമപ്രകാരമല്ല. ആകയാൽ ഈ വർക്കുകളുടെ നിർവ്വഹണ സംബന്ധമായുള്ള പരാതിയിന്മേൽ പഞ്ചായത്ത് സ്വീകരിക്കുന്ന തുടർനടപടിയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-6 ആസ്തി രജിസ്റ്റർ അപൂർണ്ണം

പഞ്ചായത്തിന്റെ അധീനതയിലുള്ള മൂവബിളും, ഇമ്മൂവബിളുമായ ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ അപൂർണ്ണമാണ്. ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിരവധി അപാകതകളും സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ നീളം, വീതി, ഇനം തുടങ്ങിയ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്ററിലെ എൻട്രികൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ രജിസ്റ്ററുകളുടെയും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നതിനും, ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഗ്രോ ബാഗ് വാങ്ങൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചില്ല

എ. പ്രോജക്റ്റ് നമ്പർ - S0100/17

ഗ്രോബാഗ് വാങ്ങൽ (ജനറൽ), അടങ്കൽ 197500/-

ബി. പ്രോജക്റ്റ് നമ്പർ - S0129/17

ഗ്രോബാഗ് വാങ്ങൽ (എസ്.സി), അടങ്കൽ 131250/-

പഞ്ചായത്തിലെ ജനറൽ, എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രോബാഗ് നൽകുന്നതിനായി

VFPCK എന്ന സ്ഥാപനത്തിൽ നിന്നും 2480 ഗ്രോബാഗുകൾ 248000/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. (ബിൽ നം. EKM/CR/16-17/945, തീയതി. 22.03.17, EKM/CR/ 16-17/950, തീയതി. 22.03.17) വികസന ഫണ്ടിൽ നിന്നും 186000/- രൂപയും ഗുണഭോക്തൃ വിഹിതമായി 62000/- രൂപയും ഉൾപ്പെടെയാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത്. സ.ഉ.(സാധാ) 50/17 തസ്വഭവ തീ. 7.1.17പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്, വിത്ത്, മിക്സ്ച്ചർ എന്നിവയടക്കം നൽകുന്നതിന് 75% സബ്സിഡിയോ പരമാവധി 60/-രൂപയോ മാത്രമാണ് നൽകാവുന്നത്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക വഴി 37200/- രൂപയുടെ അധികച്ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജ. നം. | സബ്സിഡി അനുവദിച്ച ഗ്രോബാഗിന്റെ എണ്ണം | സബ്സിഡി അനുവദിച്ചനിരക്ക് | അനുവദനീയമായ സബ്സിഡി നിരക്ക് (പരമാവധി 60/- രൂപ ) | അധികമായി അനുവദിച്ച നിരക്ക് (രൂപ) | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 129/17 | 1650 | 75 | 60 | 15 | (1650*15) 24750/- |
| 100/17 | 830 | 75 | 60 | 15 | 12450/- |
| | | ആകെ | | | 37200/- |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7, തീയതി. 13.07.17) ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി നിരക്കിനേക്കാൾ കൂടുതൽ നൽകിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചുകൊള്ളാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ മറുപടി നൽകി. ആയതിനാൽ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 37200/- രൂപ നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

*ചെലവിന്റെ വിശദാംശം*

(1) ബിൽ നമ്പർ : KBCH7/16-17, തീയതി :25.3.17

(2) ബിൽ നമ്പർ : KBCH8 /16-17, തീയതി : 25.3.17

## 3-8. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. S0097/17, അടങ്കൽ

ബിൽ നം. 1/16-17, തീയതി : 29.11.16, 200000/- രൂപ

ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിന്റെ വിലയായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് 200000/- രൂപ പിൻവലിച്ച് (ഡി.ഡി. നം. 440309/01.12.16) ഹോംകോയ്ക്ക് നൽകിയിരുന്നു. മരുന്നുകൾ ഓഡിറ്റ് തീയതിയിലും ലഭിച്ചില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4, തീയതി. 11.07.17) മരുന്ന് പാക്കിംഗ് സെക്ഷനിലാണെന്നും ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്നും ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9. ഗുണഭോക്തൃ വിഹിതം 737273/- രൂപ ചെലവഴിക്കാതെ നിലനിൽക്കുന്നു.

2016-17 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 737273/- രൂപ ബാധ്യത ആയി ഉൾപ്പെടുത്തിയിരിക്കുന്നു. 2015-1 6വർഷവും ഈയിനത്തിൽ 712273/- രൂപ ബാധ്യത ആയി ഉൾപ്പെടുത്തിയിരുന്നു. ടി തുക ഏതു കാലയളവിൽ ലഭിച്ചിട്ടുള്ളതാണ്, നാളിതുവരെയും

ചെലവഴിക്കാതിരുന്നതിനുള്ള കാരണം എന്നിവ വിശദീകരിക്കപ്പെട്ടിട്ടില്ല. ഈയിനത്തിലുള്ള കാലഹരണപ്പെട്ട തുകകൾ മുതൽ കൂട്ടുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10. പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് / ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല.

പ്രോജക്ട് നം : 59 / 17

നിർവ്വഹണം : മെഡിക്കൽ ഓഫീസർ -പി.എച്ച്.സി

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് തൻവർഷം 150000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മരുന്നിന് 50000/- രൂപയും, ഉപകരണങ്ങൾക്ക് 50000/- രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ / ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 6/ 13-07-17) മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ സ്റ്റോക്കില്ലാത്തതിനാലാണ് നാളിതുവരെയും വിതരണം നടത്താതിരുന്നതെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

മരുന്ന് / ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*ചെലവു വിവരം*

ബിൽ നമ്പർ : 2 /16-17/29-03-17, 150000/-

## 3-11 സ്വച്ഛ് ഭാരത് മിഷൻ വിഹിതം - തിരികെ ലഭിച്ച തുകകൾ സംബന്ധിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ODF പദ്ധതിയിൽ വ്യക്തിഗത സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചതിനുള്ള സ്വച്ഛ് ഭാരത് മിഷൻ വിഹിതം രണ്ടു ഗഡുക്കളായി 1572480/- രൂപ ശുചിത്വമിഷനിൽ നിന്നും തൻവർഷം ലഭിച്ചിട്ടുണ്ട്. ലഭിച്ച തുക തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വികസനഫണ്ടിൽ നിന്നുള്ള ചെലവായതിനാൽ തിരികെ ലഭിച്ച തുക വാർഷിക കണക്കിൽ ബാധ്യതയായി രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തിരികെ ലഭിച്ച തുകയുടെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടുമില്ല. കണക്കുകൾ തയ്യാറാക്കേണ്ടതും സർക്കാർ ഉത്തരവുകൾക്കു വിധേയമായി പദ്ധതികൾക്കു വിനിയോഗിക്കേണ്ടതുമാണ്.

## 3-12. നാഷണൽ പെൻഷൻ സ്കീമിലുള്ള ജീവനക്കാർക്ക് ശമ്പളത്തിൽ നിർബന്ധിത കിഴിവ് വരുത്തിയില്ല, പ്രാൻ അക്കൗണ്ടുകൾ തുടങ്ങിയില്ല

1/04/2013 നു ശേഷം സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിന്റെ 10% തുക ശമ്പളത്തിൽ നിന്നും കിഴിവ് വരുത്തി പഞ്ചായത്ത് വിഹിതമായ 10% തുകയും ചേർത്ത് പ്രതിമാസം ജീവനക്കാരുടെ പ്രാൻ അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി. ദീപ്തി സുരേന്ദ്രൻ 13/08/2015 ലും എഫ്.റ്റി.എസ് ശ്രീമതി. സുനിജ 03/06/2015 ലുമാണ് സർവീസിൽ പ്രവേശിച്ചിട്ടുള്ളത്. എന്നാൽ ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 10% തുക കിഴിവ് വരുത്തുന്നുണ്ടെങ്കിലും പ്രാൻ അക്കൗണ്ട് തുടങ്ങാൻ നാളിതുവരെ നടപടി സ്വീകരിച്ചില്ല. അടിയന്തിരമായി ടി ജീവനക്കാർക്ക് പ്രാൻ അക്കൗണ്ട് നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തിയ തുകയും പഞ്ചായത്ത് വിഹിതവും ചേർന്ന തുക ജീവനക്കാരുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ടി രണ്ട് ജീവനക്കാർക്കും നിർബന്ധിത കിഴിക്കലായ എസ്.എൽ.ഐ വിഹിതം ശമ്പളത്തിൽ നിന്ന് കറവു വരുത്തുകയോ അക്കൗണ്ട് നമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. അടിയന്തിരമായി എസ്.എൽ.ഐ അക്കൗണ്ട് തുടങ്ങാൻ നടപടി സ്വീകരിക്കേണ്ടതും ശമ്പളത്തിൽ നിന്ന് പ്രതിമാസം

കിഴിക്കൽ വരുത്തി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ജി.ഒ.(പി)നം. 81/2014 പ്രകാരം പുതുതായി സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പി.എഫ് അക്കൗണ്ട് തുടങ്ങി നിക്ഷേപം നടത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ക്ലർക്ക് ശ്രീമതി. ദീപ്തി സുരേന്ദ്രന് പി.എഫ് അക്കൗണ്ട് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല. അടിയന്തിരമായി ടി ജീവനക്കാരിയുടെ പി.എഫ് അക്കൗണ്ട് തുടങ്ങാൻ നടപടി സ്വീകരിക്കേണ്ടതും ശമ്പളത്തിൽ നിന്ന് പ്രതിമാസം കിഴിക്കൽ വരുത്തി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-13. പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ച - മാർക്കറ്റിലെ സ്റ്റാളുകൾ നാശോന്മുഖമായി

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കരിപ്പുഴ മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന 10 സ്റ്റാളുകൾ വർഷങ്ങളായി അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ നാശോന്മുഖമായി. കടകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതിനാൽ കടമുറികൾ ഏറ്റെടുക്കാൻ വ്യാപാരികൾ തയ്യാറാകുന്നില്ല. നിലവിൽ കച്ചവടം ചെയ്യുന്ന വ്യാപാരികൾ പോലും മുറി ഒഴിയാൻ ആവശ്യപ്പെട്ടിട്ടുള്ളതും തുടർന്ന് ലേലം നടത്താൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുള്ളതുമാണ്. ലേലം നടക്കാത്തതിനാൽ തുച്ഛമായ വരുമാനമാണ് ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള ഈ വിഷയത്തിന് പഞ്ചായത്ത് നാളിതുവരെ ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചില്ല. ഓരോ വർഷവും വിവിധ ഇനങ്ങളിലായി ലക്ഷക്കണക്കിന് രൂപ സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും ഗണ്യമായ തുക ലാപ്സായിപ്പോവുകയുമാണ് ചെയ്യുന്നത്. 2016-17 ലും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച തുകയിൽ 60 ശതമാനത്തോളം തുക ലാപ്സായിട്ടുണ്ട്. ആവശ്യമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. അടിയന്തിരമായി സ്റ്റാളുകൾ പുനരുദ്ധരിച്ച് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

2016-17 വാർഷിക കണക്കുകളിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

1. ODF പദ്ധതിയ്ക്കായി ചെലവഴിച്ച തുകയിൽ ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച 1572480/- രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ വികസനഫണ്ട് ജനറൽ 1538294/-, CFC 247000/- എന്നീ തുകകൾ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.
3. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. മുന്നിരിപ്പ്, വരവ്, തിരികെ നൽകിയ തുക, ബാലൻസ് എന്നിവ സംബന്ധമായ കൃത്യമായ കണക്കുകൾ ലഭ്യമല്ല.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-8 ൽ ഡെപ്പോസിറ്റ് വർക്ക് ഇലക്ട്രിക്കൽ എന്ന ഇനത്തിൽ 9975 എന്ന രേഖപ്പെടുത്തിയിട്ടുള്ളത് വിശദീകരിക്കപ്പെട്ടിട്ടില്ല.
5. സോളാർ പാനൽ സ്ഥാപിക്കൽ, LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ വർക്കുകൾക്കായി കെൽട്രോണിൽ നിക്ഷേപിച്ച 1135870/- രൂപ, ലൈൻ എക്സ്റ്റൻഷൻ, മീറ്റർ സ്ഥാപിക്കൽ എന്നിവയ്ക്കായി നിക്ഷേപിച്ച 2228675/- രൂപ എന്നിവ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ, ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. .
7. D & O ലൈസൻസ് ഫീസ്, തൊഴിൽ നികുതി, ലേലം എന്നിവയുടെ രജിസ്റ്ററുകൾ പൂർണ്ണമല്ല.

ഇക്കാരണത്താൽ വാർഷിക കണക്കിലെ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല .

8. ഓഡിറ്റ് റിക്കവറി ഇനത്തിൽ 15464/- രൂപ തൻവർഷം വരവുണ്ട്. എന്നാൽ RP-10 ഷെഡ്യൂളിൽ 14708/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.
9. തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് 25762847/- രൂപയാണ്. എന്നാൽ ഷെഡ്യൾ I-14 (a) ൽ ചെലവ് 27122893/- രൂപ എന്നു രേഖപ്പെടുത്തിയിരിക്കുന്നു.
10. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 737273/- രൂപ liability ആയി ഉൾപ്പടുത്തിയിരിക്കുന്നു. ടി തുക ഏതു കാലയളവിൽ ലഭിച്ചിട്ടുള്ളതാണെന്നോ തുക നാളിതുവരെയും ചെലവഴിക്കാതിരുന്നതിനു കാരണമെന്തെന്നോ ഓഡിറ്റിൽ വ്യക്തമാക്കപ്പെട്ടില്ല.
11. ക്യാഷ് ബുക്ക് പ്രകാരം NREGS അക്കൌണ്ടി ലെ നീക്കിയിരിപ്പ് 542890/- രൂപയാണ്.AFS പ്രകാരം നീക്കിയിരിപ്പ് 522250/- രൂപയാണ്.
12. സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ബ്ളോക്ക് വിഹിതം 700000/- രൂപയാണ്. എന്നാൽ RP -31 ൽ ഈ ഇനത്തിലുള്ള വരവ് 937500/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 350000 | പാലിയേറ്റീവ് കെയർ | 86540 | 263460/- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 350000 | പാലിന് സബ്സിഡി | 350000 | ഇല്ല |
| ജില്ലാപഞ്ചായത്ത് | 2016-17 | 580863 | തെരുവ് വിളക്ക് ലൈൻ വലിക്കൽ | 580863 | ഇല്ല |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ വലിക്കൽ | 1161725 |
| കെ.എസ്.ഇ.ബി | ട്രാൻസ്ഫോമറുകൾക്ക് മീറ്റർ | 1066950 |
| പി.ഡബ്ല്യൂ.ഡി. ആലപ്പുഴ | കരിപ്പുഴ പോസ്റ്റോഫീസ് നവീകരണം. | 32767 |
| പി.ഡബ്ല്യൂ.ഡി. തിരുവനന്തപുരം | കണ്ണമംഗലം സൗത്ത് യു.പി.എസ് വൈദ്യുതീകരണം | 256500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | GO(LSGD) 562/10, Dtd: 22.2.10 | 21871500 | 2000633 | 749454 | 12511179 |

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയതി |
|---|---|---|---|---|
| 2014-15 | 3-11 | 3840 | ശ്രീ.സോമശേഖരൻ | 11604102309 |
| 2014-15 | 3-12 | 1172 | ശ്രീ. ഗോപിനാഥൻ പിള്ള | 8/21362/22.07.16 |
| 2014-15 | 3-12 | 1339 | ശ്രീ. ജിതിൻ മോഹൻ | 11604102293/22-07-2016 |
| 2014-15 | 3-12 | 9113 | ശ്രീ. ജിതിൻ മോഹൻ | 11604102294/22-07-2016 |
| | ആകെ | 15464/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 4.1.14 | 2014-15 | 3-16.1 | ഇ.ടോയ് ലറ്റ് പൊളിച്ച് മാറ്റിയത് | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-38 | 2010-11 | 5.2.12 | പേപ്പർ ക്യാരി ബാഗ് നിർമ്മാണം. | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57114084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53052067 |
| വരവിനങ്ങളിലുള്ള നഷ്ടം | 41750/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 37200/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 353640/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 38750/- | | ശ്രീ. അജിത്. എസ്, സെക്രട്ടറി<br>ശ്രീ. എസ്. അശോക് കുമാർ, സെക്രട്ടറി |
| 2-3 | 3000/- | | ശ്രീ. അജിത്. എസ്, സെക്രട്ടറി |
| 3-7 | | 37200/- | ശ്രീമതി. ഹേമലത ബാലചന്ദ്രൻ, കൃഷി ഓഫീസർ |
| ആകെ | 41750/- | 37200/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 53640 | സെക്രട്ടറി |
| 3-8 | 200000 | ഡോ. ശാന്തി. എൽ.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-10 | 100000 | ഡോ. ബിജു രാമൻകുട്ടി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 353640 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഹേമലതാ ബാലകൃഷ്ണൻ, കൃഷി ഓഫീസർ | കൃഷിഓഫീസർ, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | നെടിയൂഴത്തിൽ, കീഴ്ച്ചേരിമേൽ, ചെങ്ങന്നൂർ പി.ഒ |
| ശ്രീമതി.ഇന്ദു.എസ്.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കലഭവൻ, കൊട്ടിയം. പി.ഒ, കൊല്ലം |
| ഡോ.ബിജു രാമൻകുട്ടി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചെട്ടികുളങ്ങര | ശാന്തി, ചിറക്കടവം, കായംകുളം. |
| ഡോ. ശാന്തി. എൽ. പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ ഹോമിയോ | പൊന്നമ്പലം, പെരുന്താന്നി, തിരുവനന്തപുരം |
| ശ്രീ. അജിത്. എസ് സെക്രട്ടറി | ലഭ്യമല്ല | TC/52/2240, പൗർണ്ണമി, നേമം പി.ഒ, തിരുവനന്തപുരം - 20 |
| ശ്രീ. എസ്. അശോക് കുമാർ സെക്രട്ടറി | സെക്രട്ടറി ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കാർത്തിക, മരുന്നൂർകുളങ്ങര (നോർത്ത്) ആലുംകടവ്, കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15/7.7.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി7-1608/15/23.12.15/15.01.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി7-830/16/29.07.2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി7-1562/16, തീ. 30.12.16/ 20.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 22.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P7-938/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 22.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of chettikulangara Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chettikulangara Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.

Deputy Director

Kerala State Audit Department

Alappuzha